പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 50 — 03.02.2020 ൽ മറുപടിക്ക്

## അതിവേഗ റെയിൽ ഇടനാഴി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. സ്വരാജ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് അതിവേഗ റെയിൽ ഇടനാഴി നിർമ്മിക്കുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) യും (ബി) യും (സി) യും | തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ ദൂരത്തിൽ സെമി ഹൈസ്പീഡ് റെയിൽ പാതയ്ക്കായുള്ള സാധ്യതാ പഠന റിപ്പോർട്ട് പ്രകാരം നിലവിലുള്ള പാതയ്ക്ക് സമാന്തരമായി മണിക്കൂറിൽ ശരാശരി 180 മുതൽ 200 കിലോമീറ്റർ വരെ വേഗത്തിൽ ട്രെയിനുകൾ സഞ്ചരിക്കുന്നതിനായിയുള്ള പുതിയ രണ്ട് പാതകൾ/ഗ്രീൻഫീൽഡ് കോറിഡോറാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇത് പ്രകാരം തിരുവനന്തപുരത്ത് നിന്നും ഒന്നര മണിക്കൂറിനുള്ളിൽ എറണാകുളത്തും, നാലുമണിക്കൂറിനുള്ളിൽ കാസർഗോഡും എത്തിച്ചേരുവാൻ സാധിക്കും. റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമായതിനു ശേഷം മാത്രം വാല്യൂ ക്യാപ്ചറിംഗ്, ധന സമാഹരണം മുതലായവ ആരംഭിക്കുന്നതാണെന്ന വ്യവസ്ഥയിൽ ഈ പദ്ധതിയുടെ ജനറൽ കൺസൾട്ടന്റായ "സിസ്ട്ര" സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ടും അലൈൻമെന്റും സംസ്ഥാനം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം (in-principle) ലഭ്യമായിട്ടുണ്ട്. സോയിൽ സർവ്വേ, ലിഡാർ ഏരിയൽ സർവ്വേ, ട്രാഫിക് സർവ്വേ, EIA പഠനം എന്നിവ പൂർത്തിയായിട്ടുണ്ട്. മൂലധന സമാഹരണവുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നു വരുന്നു. വിശദമായ പദ്ധതി റിപ്പോർട്ട് (DPR) 2020 മാർച്ച് മാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.<br>66,405 കോടി രൂപയുടെ ചിലവ് പ്രതീക്ഷിക്കുന്നു. 5 വർഷത്തിനകം പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഈ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | | |
| (സി) | ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ആലോചിക്കുന്നതെന്ന് അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ